**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **10-06-2024 - ൽ മറുപടിയ്ക്ക്**

**ചികിത്സാ പിഴവുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യമേഖലയിൽ അപൂർവമായെങ്കിലും ചികിത്സാ പിഴവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇത്തരം സംഭവങ്ങൾ തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ബി) | ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും, ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും, തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമാ<br>പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>WHO മാനദണ്ഡ പ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക, ശസ്ത്രക്രിയയ്ക്ക് |

| | | | |
|---|---|---|---|
| | | | വിധേയമാക്കുന്നതിനു മുൻപായി കുറഞ്ഞത് രണ്ടു തവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തണം ഒപ്പറേഷൻ നടത്തുന്ന സർജൻ, അനസ്റ്റെറ്റിക് നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം. ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം. എല്ലാ ഉപകരണങ്ങളും, അലാറം ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും പൂർണ്ണ സജ്ജമാണെന്ന് സർജറിക്കു മുൻപ് ഉറപ്പു വരുത്തണം. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാം പാലിക്കപ്പെടുന്നുണ്ടെന്ന് വകുപ്പ് മേധാവി തിയേറ്ററിന്റെ ചാർജ്ജുള്ളവർ, അനസ്തേഷ്യ ടീം ലീഡർ എന്നിവർ ഉറപ്പുവരുത്തണം.<br><br>ചികിത്സാ പിഴവ് സംബന്ധിച്ച പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ചികിത്സാ വിഭാഗം മേധാവിയിൽ നിന്നും പരാതി സംബന്ധിച്ച വിശദീകരണം ആരായുകയും ആയത് തൃപ്തികരമല്ലാത്തപക്ഷം, വിദഗ്ധരും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനുമടങ്ങുന്ന സമിതിയെ അന്വേഷണത്തിനായി നിയോഗിക്കുകയും, ആയതിന്റെ കണ്ടെത്തൽ/ ശുപാർശ അനുസരിച്ച് പരിഹാര നടപടികൾ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ പോലീസും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്. |
| (സി) | ഇവയുടെ ഫലപ്രാപ്തി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |
| (ഡി) | രോഗികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതുൾപ്പെടെയുള്ള നൂതന സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മിക്കവയിലും ഇ-ഹെൽത്ത് മുഖേന രോഗികളുടെ മെഡിക്കൽ റെക്കോർഡുകൾ, ഒ.പി, ഐ.പി, ലാബ്, ഫാർമസി എന്നിവിടങ്ങളിൽ ഡിജിറ്റൈസ് ചെയ്യപ്പെടുന്നുണ്ട്.<br><br>ആരോഗ്യ വകുപ്പിന് കീഴിൽ 588 ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം നിലവിലുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | പകർച്ചവ്യാധി സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ IHIP പോർട്ടലിലും നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ